കക്ഷികൾക്ക് മലയാളവും ഇംഗ്ലീഷും അറിഞ്ഞുകൂടാ എന്നു പറഞ്ഞിട്ടില്ല. മലയാളം എന്നതു ശ്രീ. ജോർജ്ജ് കൂട്ടിച്ചേർത്തതാണു്. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത ചില കക്ഷികൾ, വക്കീലന്മാർ ഇംഗ്ലീഷിൽ കേസു വദിക്കുന്നതു കേട്ടു് പുറകിൽനിന്നു തലയാട്ടുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. കേസു തള്ളിയതായിട്ടും ചിലപ്പോൾ കാണാം. അതുകൊണ്ടു ഞാൻ പറഞ്ഞതാണു്.

ശ്രീ. സി. എസ്. നീലകണ്ഠൻനായർ : ലാകമ്മീഷന്റെ പ്രവർത്തനത്തിനു വളരെയധികം തടസ്സമായിട്ടു നിൽക്കുന്നതു് ആവശ്യത്തിനുള്ള സ്റ്റാഫ് കിട്ടാത്തതു കൊണ്ടാണെന്നറിയുന്നു. അവിടെ ഗവണ്മെന്റു നേരിട്ടു അപ്പോയിന്റു ചെയ്യുന്നതു കൊണ്ടു പല ആളുകളും അതിൽ പ്രവർത്തിക്കുവാൻ ഉത്സാഹം കാണിക്കുന്നില്ല. അതു കൊണ്ടു് ഇതിനു ആവശ്യമായ സ്റ്റാഫിനെ തെരഞ്ഞെടുത്തു അയക്കുന്നതിനുള്ള അധികാരം ലാ ഡിപ്പാർട്ടുമെന്റിനു നൽകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ലാ കമ്മീഷനു സൂപ്പർവൈസു് ചെയ്യാൻ കഴിയുന്ന സ്റ്റാഫ് പകൊടുത്തൽ മതി എന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം. വളരെയധികം സ്റ്റാഫ് ഉണ്ടാകുകയാണെങ്കിൽ അവരെ സൂപ്രവൈസ ചെയ്യാൻ law കമ്മീഷനു സാധിക്കുകയില്ല, ഗവണ്മെന്റിനു വളരെയധികം പണവും ചെലവാകും. ലാ ഡിപ്പാർട്ടുമെന്റിൽനിന്നും അവിടെ വരുന്നവർ അവർക്കു ഡിപ്പാർട്ടുമെന്റിൽ പ്രമോഷൻ വരികയാണെങ്കിൽ അങ്ങോട്ടു പോകും. ഏതായാലും ഇവിടേയ്ക്കു വരുന്ന സ്റ്റാഫുകളെ ഒരു കാലപരിധിവരെ അവിടെനിന്നും മാറരുതെന്നു നിബന്ധനയുണ്ടു്. അവിടെ പ്രമോഷൻ ഇവർക്കു വരികയാണെങ്കിൽ അതു ഇവിടേയും കൊടുക്കുക എന്നതത്വമാണു് സ്വീകരിച്ചിട്ടുള്ളതു്. കൂടുതൽ staff, ഉള്ള staff ഒരു കൊല്ലം പ്രവർത്തിച്ചു കഴിഞ്ഞതിനുശേഷം മതി എന്നാണു് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതു്. ലാ ഡിപ്പാർട്ടുമെന്റാണു് സ്റ്റാഫിനെ നിയമിക്കുന്നതു്. ഇതു ശമ്പളത്തിനു കൂടിയുള്ളതു് Public dept. ആണു് appoint ചെയ്യുന്നതു്.

കൃഷിമന്ത്രിയുടെ പേരിൽ അഴിമതിയാരോപണം

* 182. [676] ശ്രീ. എൻ. ഐ. ബേസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പു മന്ത്രിയുടെ മേൽ ഗുരുതരമായ അഴിമതി ആരോപണങ്ങളും ഉന്നയിച്ചുകൊണ്ടു് ഒരു മെമ്മോറാണ്ടം ചില ഭരണകക്ഷി എം. എൽ.എ.മാർ ഗവണ്മെന്റിനു് സമർപ്പിച്ചിട്ടുള്ളതായി കൃഷിമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ എന്തു നടപടികളാണു് കൃഷിമന്ത്രി കൈക്കൊണ്ടിട്ടുള്ളതു് ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്.

(ബി) ഗവണ്മെന്റു എന്തു നടപടികളും എടുക്കുന്നുവെന്നതിനെ ആശ്രയിച്ച ഉചിതമായ നടപടികളെടുക്കും.

ശ്രീ. കെ. കരുണാകരൻ : ഗവണ്മെന്റു ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികളും നടത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടോ ? ഇതിൽ ഗവണ്മെന്റു് എന്തു തീരുമാനമാണു് കൈക്കൊണ്ടിട്ടുള്ളതെന്നു് പറയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതിനെപ്പറ്റി ഒരു തീരുമാനവും എടുത്തിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : എന്താണു് ഇതിലൊരു തീരുമാനം എടുക്കുന്നതിനു് കാലതാമസം നേരിടുന്നതു് ? ബഹുമാനപ്പെട്ട മന്ത്രി അന്വേഷണത്തിനു് വിധേയ

LIBRARY ARCHIVES Kerala Legislative Assembly

നാകാൻ സന്നദ്ധനാണെന്നു പറഞ്ഞിട്ടും എന്തു കാരണം കൊണ്ടാണു് ഗവണ്മെന്റു് അതിനു മുതിരാത്തതു് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതേപ്പറ്റി ആഭ്യന്തരമന്ത്രിയാണു് മറുപടി പറയേണ്ടതു്.

ശ്രീ. കെ. എം. മാണി : ഇതേസംബന്ധിച്ചു് ബഹുമാനപ്പെട്ട കൃഷിമന്ത്രി ഒരു കേസ്സു് ഫയൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെന്നും, താൻ രാജി വയ്ക്കുവാൻ തയാറാണെന്നും പറഞ്ഞിട്ടു് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴും രാജിവയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഇതിൽ എന്തു നടപടികളാണു് കൈക്കൊള്ളുവാൻ പോകുന്നതെന്നു് പറയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതിനെപ്പറ്റി ഒരു അവസാന തീരുമാനം എടുത്തതിനുശേഷം മാത്രമെ മറുപടി പറയാൻ സാധിക്കുകയുള്ളു.

പ്രൈവറ്റു് കോളേജദ്ധ്യാപകസമരം

* 183. [677] ശ്രീ. പി. എൻ. ചന്ദ്രസേനൻ :
,, ജ. ഗോപിനാഥൻപിള്ള :
,, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാത്തിമാ കോളേജു് സമരത്തെ തുടർന്നു് പ്രൈവറ്റു കോളേജദ്ധ്യാപകർ ആരംഭിച്ചിരുന്ന സമരപരിപാടികളും സംസ്ഥാനത്തു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, വിശേഷിച്ചു് കോളേജുകളുടെ പ്രവർത്തനം സ്തംഭിപ്പിച്ചതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പരിതഃസ്ഥിതിക്കു കാരണമായ സംഭവങ്ങളെപ്പറ്റി അന്വേഷണം നടത്തുമോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ) ചില പ്രൈവറ്റു് കോളേജിലെ അദ്ധ്യാപകർ പണിമുടക്കിയതു് കാരണം പ്രവർത്തനം ശരിയായി നടന്നിട്ടില്ല.

(ബി) സമരം ഒത്തുതീർപ്പായതുകൊണ്ടു് അന്വേഷണം ആവശ്യമാണെന്നു് തോന്നുന്നില്ല.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : അതിലെ ഒത്തുതീർപ്പു് വ്യവസ്ഥകളും എന്തെല്ലാമാണെന്നു പറയാമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അതു് വളരെ ദീർഘമായ ഒരു പട്ടികയാണു്. ഒത്തുതീർപ്പു വ്യവസ്ഥകളും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണു്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുകയാണെങ്കിൽ ഒത്തുതീർപ്പു് വ്യവസ്ഥകളും മേശപ്പുറത്തുവയ്ക്കാവുന്നതാണു്.

ശ്രീ. ജി. ഗോപിനാഥൻപിള്ള : ഒത്തുതീർപ്പു് വ്യവസ്ഥകളും ഉണ്ടായതിനു ശേഷവും മാനേജ്മെന്റു് അദ്ധ്യാപകന്മാരുടെ മേൽ പ്രതികാരനടപടികളും എടുക്കുന്നതായി അറിയാമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അറിഞ്ഞുകൂടാ.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : കോളേജു് അധികൃതർ അസാന്മാർഗ്ഗികളായ ആളുകളെ എടുത്തു് അദ്ധ്യാപകന്മാരെയും വിദ്യാർത്ഥികളെയും ആക്രമിപ്പിച്ചുവെന്നുള്ള പരാതിയുണ്ടായിട്ടുള്ളതായി ഗവണ്മെന്റിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly